# സാഹിത്യവാരഫലം

1997/12/05 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1997/12/05-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചതു്.

## ചോദ്യം, ഉത്തരം

**ചോദ്യം:** ഇൻഡ്യയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് നിങ്ങളെന്തു പറയുന്നു?

**ഉത്തരം:** ഞാൻ എന്തു പറയാനാണ്? എനിക്ക് രാഷ്ട്രവ്യവഹാരത്തിൽ താല്പര്യമില്ല. പിന്നെ കാട്ടിലെ സിംഹം മരിച്ചാൽ അവിടെ വേറെ സിംഹമില്ലെങ്കിൽ കുറുനരി സിംഹമിരുന്നിടത്ത് വന്ന് ഇരിക്കും. നമ്മുടെ ഭാരതത്തിൽ ഏറെ കുറുനരികൾ വാഴുന്നു.

**ചോദ്യം:** ഇന്നത്തെ മലയാളം സിനിമകളുടെ പ്രത്യേകതയെന്ത്?

**ഉത്തരം:** എല്ലാ മലയാളം സിനിമകളിലും പൊലീസും ആശുപത്രിയും കാണും. റ്റെലിഫോണിന്റെ മണിനാദം കേൾപ്പിക്കാത്ത മലയാളം ചലച്ചിത്രം ഇല്ലേയില്ല.

**ചോദ്യം:** നിങ്ങൾക്ക് ഇത്രയും പ്രായമായിട്ടും ആരോഗ്യം കുറയാത്തതിന് കാരണം?

**ഉത്തരം:** മാനസികവളർച്ച ഇല്ലാത്തവന് വാർദ്ധക്യമുണ്ടാവുകയില്ല.

**ചോദ്യം:** ഷേക്സ്പിയറിന്റെ അശ്ലീല പ്രസ്താവങ്ങൾക്കും ഹെൻട്രി മില്ലറുടെ നോവലുകളിലെ ആഭാസത്തരങ്ങൾക്കും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

**ഉത്തരം:** ഷെയ്ക്സ്പിയറിന്റെ അശ്ലീല പ്രസ്താവങ്ങൾ അദ്ദേഹമെഴുതിയ ട്രാജഡിയുടെയും കോമഡിയുടെയും ഭാഗങ്ങളാണ്. മില്ലറുടെ അസഭ്യപ്രയോഗങ്ങൾ ഒരുതരം Surface Vulgarity ആണ്.

**ചോദ്യം:** ആരെക്കണ്ടാലും പുഞ്ചിരിക്കണമെന്ന് ഡെയിൽ കാർണിഗിയുടെ പുസ്തകത്തിൽ കണ്ടു. ശരിയാണോ അത്?

**ഉത്തരം:** എന്നും കാലത്ത് എന്റെ വീട്ടിന്റെ മുൻപിലൂടെ ഒരു തടിയൻ പട്ടിയുമായി നടക്കാൻ പോകുന്ന ഒരു സൈനികോദ്യോഗസ്ഥനെക്കണ്ട് ഞാൻ പുഞ്ചിരി പൊഴിക്കുമായിരുന്നു. അതിന്റെ ബലത്തിൽ അദ്ദേഹം എന്റെ വീട്ടിൽ ഒരു ദിവസം കയറിയപ്പോൾ ആ തടിയൻ നായയും കൂടെക്കയറി. അദ്ദേഹത്തോട് ഇരിക്കാൻ പറഞ്ഞ എന്നെ ഒന്നു നോക്കിയ പട്ടി എന്റെ ചാരുകസേരയിൽ കയറിക്കിടന്നു. പിന്നീട് ഡെറ്റോൾ ഒഴിച്ച വെള്ളത്തിൽ കാൻവാസ് കഴുകേണ്ടതായി വന്നു. വെറുതെ ആരെക്കണ്ടും ചിരിക്കരുത്. ചിരിച്ചാൽ ഡെറ്റോൾ വാങ്ങിക്കേണ്ടതായി വരും.

**ചോദ്യം:** അന്യർക്ക് ഉപകാരങ്ങൾ ചെയ്യാൻ ചിലർ മടിക്കുന്നതു് എന്തുകൊണ്ട്?

**ഉത്തരം:** ഒരാളിന് ഉപകാരം ചെയ്താൽ അയാൾ ഉപകർത്താവിനെ തുടർച്ചയായി ഉപദ്രവിച്ചുകൊണ്ടിരിക്കും മറ്റു ഉപകാരങ്ങൾക്ക് വേണ്ടി.

**ചോദ്യം:** ‘ചന്ദ്രബിംബമെടുത്തെനിക്കൊരു ചാണയാക്കി വളയ്ക്കണം’ നമ്പ്യാരാശാന്റെ ഈ ആഗ്രഹം നടക്കുമോ?

**ഉത്തരം:** നടക്കും. ചില ഭാര്യമാർ ഭർത്താക്കന്മാരെ ചൂണ്ടുവിരലിൽ ഇട്ട താക്കോൽ വളയം കറക്കുന്നതു പോലെ കറക്കാറുണ്ട്.

## വർഷബിന്ദുസ്തോമക്ലിന്നാ പുതുമലർ


പി. കുഞ്ഞിരാമൻ നായർ

അനുഗൃഹീതനായ കവി പി. കുഞ്ഞിരാമൻ നായർ ആശുപത്രിയിൽ ഏറ്റവും ബാധിച്ച കിടക്കുകയാണ്. നേഴ്സ് അദ്ദേഹത്തിന്റെ അടുക്കലെത്തി പറഞ്ഞു: ‘ഈ ഗുളികകൾ വിഴുങ്ങണം. മധുര ഗുളികകൾ. ചങ്ങമ്പുഴക്കവിതയുടെ സംഗീത മാധുര്യമുള്ള ഉറക്ക ഗുളികകൾ’ അതുകേട്ട് കുഞ്ഞിരാമൻ നായർ അവളോട്: ‘ചങ്ങമ്പുഴക്കവിത. ഹാ! ഒരു ഗാനഗന്ധർവ്വ സ്മരണ. എന്റെ മുൻപിൽ നിൽക്കുന്ന ഈ രൂപം. ഈ സുന്ദരരൂപം ആ കവിത തന്നെയോ?’ അവളുടെ ഇളം ചുണ്ടിൽ ഒരു മുല്ലമൊട്ടു വിരിഞ്ഞു. നേഴ്സ് പറഞ്ഞു: ‘ഞാൻ ചങ്ങമ്പുഴക്കവിതയല്ല. രാത്രിനേഴ്സാണ്’. വീണ്ടും കവി: ‘രാത്രിനേഴ്സ്. ഒരിളം ചന്ദ്രക്കല.’ കവിയോട് അവൾ ചോദിച്ചു: ‘എന്താണ് സൂക്ഷിച്ച് നോക്കുന്നതു്?’


ഹെൻട്രി മില്ലർ

കവി: ‘നിങ്ങൾക്കവളുടെ ഛായയുണ്ട്. എന്റെ നിത്യകാമുകിയുടെ. നിങ്ങൾ അവളുടെ നാട്ടുകാരിയാണ്. അഴകിന്റെ രാജ്യം ഭരിക്കുന്ന ആ രാജകുമാരിയുടെ’. തുടർന്ന് കവി: ‘അവൾ ചിരിച്ച് തല താഴ്ത്തി. ഇടവപ്പാതിയിലെ പൂ ചൊരിയുന്ന തൈ മുല്ലവല്ലിപോലെ.


ഡെയിൽ കാർണിഗി

‘ഇടവപ്പാതിയിലെ പൂ ചൊരിയുന്ന തൈമുല്ലവല്ലി പോലെ’ എന്നതുണ്ടല്ലോ. അതു് ശുദ്ധമായ കവിതയാണ്. ഈ ബിംബം കൊണ്ട് കവി ചങ്ങമ്പുഴക്കവിത പോലെ സൗന്ദര്യമാർന്ന ആ നേഴ്സിന്റെ രാമണീയമാകെ ആവിഷ്കരിച്ചിരിക്കുന്നു. സുന്ദരി ഗുളികയുമായി കവിയുടെ അടുത്ത് വന്നപ്പോൾ അവളുടെ രൂപം തീർച്ചയായും അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞിരിക്കും. പക്ഷേ അതോടൊപ്പം ആശുപത്രിമുറിയിലെ മറ്റു പല വസ്തുക്കളും അദ്ദേഹത്തിന്റെ മാനസിക മണ്ഡലത്തിൽ കടന്നു വരാതിരിക്കില്ല. മരുന്നുകുപ്പികൾ വച്ച മേശ. ജന്നൽ കേർട്ടൻ. രോഗിക്ക് ഡ്രിപ് കൊടുക്കുവാനുള്ള ഉപകരണം ഇങ്ങനെ പലതും. ഇവയുടെ ദർശനം സൗന്ദര്യദർശനത്തോട് കൂടിക്കലർന്നു വരും. അപ്പോൾ സുന്ദരിയുടെ ദർശനം അത്ര കണ്ട് വിശുദ്ധമായിരിക്കില്ല. കലർപ്പറ്റതു് ആയിരിക്കില്ല. അതുകൊണ്ട് കവി അവളെ ആ പരിതഃസ്ഥിതിയിൽ നിന്ന് പാടേമാറ്റി ഇടവപ്പാതിയിൽ പൂചൊരിയുന്ന മുല്ലവള്ളിയിലേക്ക് ആനയിക്കുന്നു. അക്കാഴ്ച ജനിപ്പിക്കുന്നതു് ഒരനുഭൂതി മാത്രം. ആ അനുഭൂതി ആഹ്ലാദജനകവും. ഇത്തരം ബിംബ നിവേശനങ്ങൾക്ക് കുഞ്ഞിരാമൻ നായർക്കു് അസാധാരണമായ കഴിവുണ്ട്. പലപ്പോഴും വാക്കുകളുടെ മാധുര്യം മാത്രമുള്ളതും കലാത്മകങ്ങളായ ബിംബങ്ങളില്ലാത്തതുമായ കവിതകൾ അദ്ദേഹം എഴുതിയിട്ടുണ്ടെങ്കിലും ജന്മനാ കവിയായ അദ്ദേഹത്തിന് ഇത്തരം ബിംബകല്പനയ്ക്കു് വൈദഗ്ദ്ധ്യമേറും. ഒന്ന് നോക്കു. കവിയുടെ വർണ്ണനയുടെ കേന്ദ്രഭാഗം കലാത്മകമാണ്. ഇതു് കാവ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല ശരി. ചെറുകഥയായാലും നോവലായാലും രചനയുടെ കേന്ദ്രസ്ഥാനം കവിതാമയമായിരിക്കണം. അതില്ലെങ്കിൽ രചന വൈരൂപ്യത്തിന്റെ സന്തതിയായി മാറും. ആ വിധത്തിലൊരു വൈരൂപ്യമാണ് ശ്രീ. പി. കണ്ണൻകുട്ടി ദേശാഭിമാനി വാരികയിലെഴുതിയ ‘വീട് കത്തുന്നു’ എന്ന കഥ. തറവാട്ട് പൊളിച്ച് പങ്കിട്ടെടുക്കാൻ ബന്ധുക്കൾ തീരുമാനിക്കുന്നു. ആ തീരുമാനം സഫലീഭവിക്കുന്നതിന് മുൻപ് വീടിന്റെ മുകൾ ഭാഗത്ത് തീപിടിത്തം ഉണ്ടാകുന്നു. അതു് ക്രമാനുഗതമായി താഴോട്ട് പടരുന്നു. ഭവനം കത്തിയെരിയും. ഒരു പിടിച്ചാമ്പലായി അതു് മാറും.

ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥയെയും ഭാവികാലത്തെ അവസ്ഥയെയും കഥാകാരൻ സത്യസന്ധമായി ചിത്രീകരിക്കുന്നു. അതിനോട് ഞാൻ സമ്പൂർണമായും യോജിക്കുന്നു. പക്ഷേ എന്റെ രാജ്യത്തിന്റെ ദുരവസ്ഥ എന്ന സത്യം കഥയിൽ ഭാവനയുടെ സത്യമായി മാറുന്നില്ല. കല ഭാവനാത്മകമാണ്. കണ്ണൻകുട്ടിയുടെ കഥ സത്യസന്ധമാണെങ്കിലും വൈരൂപ്യത്തിന് ആസ്പദമാണ്.


ഭാരതം ജീർണ്ണിക്കുന്നുവെന്നും ഈ ജീർണ്ണത തുടർന്നു പോയാൽ പിന്നെ നമ്മളാരും ഇവിടെയുണ്ടാവുകയില്ലെന്നുമുള്ള കഥാകാരന്റെ വിശ്വാസം ശരി. ആ ശരിയായ വിശ്വാസം എനിക്കുമുണ്ട്. പക്ഷേ എനിക്ക് കഥയെഴുതാൻ പ്രാഗത്ഭ്യമില്ലാത്തതു് കൊണ്ട് ഞാൻ മനുഷ്യരെ മെനക്കെടുത്താതെ മിണ്ടാതിരിക്കുന്നു. താനൊരു കഥാകാരനാണ് എന്ന തെററിദ്ധാരണയിൽപെട്ട കണ്ണൻകുട്ടി പേനയെടുത്തു് വെള്ളക്കടലാസിൽ അക്ഷരങ്ങൾ കോറിയിട്ട് ജുഗുപ്സാവസ്ഥ സൃഷ്ടിക്കുന്നു. കലാ പ്രചോദനമുള്ളവർക്കേ വിഷയത്തെ വൈകാരികമാക്കാൻ പറ്റു. നമ്മുടെ കഥാകാരന് ആദരണീയമായ സ്വദേശ സ്നേഹമുണ്ട്. സ്വീകരണീയമായ കലാ വൈഭവമില്ല. കഥയുടെ ലാക്ഷണികത അങ്ങു് കളയൂ. എന്നാലും ഇതു് വായനക്കാരനെ ബോറടിപ്പിക്കുന്ന ശുഷ്കമായ വർണ്ണനം മാത്രമായേ നിൽക്കുന്നുള്ളൂ. ഇ’ക്കഥ’യെക്കുറിച്ച് ഇംഗ്ലീഷിൽ ഒരു വാക്യം കൂടി എഴുതാൻ വായനക്കാരുടെ അനുമതി ഞാൻ തേടുന്നു. This composition is as flagrantly obvious and brazen as propagandist still posted in a public place.

## സംഭവങ്ങളും വിചാരങ്ങളും

സ്വർഗത്തിലേക്കുള്ള വഴിയേതാണ് എന്ന് ഒരുത്തൻ റോഡിൽ നിന്ന് ചോദിച്ചപ്പോൾ അങ്ങോട്ട് നടന്ന് വലത്തോട്ട് തിരിഞ്ഞുപോയാൽ മതിയെന്ന് മഹ്ഫൂസിന്റെ ഒരു കഥാപാത്രം പറഞ്ഞതായി ഞാൻ മുൻപ് എഴുതിയിരുന്നു. എന്നോടാണ് ആ ചോദ്യം ചോദിച്ചാൽ ‘ഗൾഫ് ഏയർ’ വിമാനത്തിൽ കയറി ബാറേൻ ദ്വീപിൽ ഇറങ്ങുക എന്നായിരിക്കും ഉത്തരം (Bahrain അല്ലെങ്കിൽ Bahrein എന്നതിന് നിഘണ്ടുക്കളിലെല്ലാം ബാറേൻ എന്നാണ് ഉച്ചാരണം നൽകിയിരിക്കുന്നതു്. നമ്മൾ ബഹറീൻ എന്നു പറയുന്നു) സ്വപ്നത്തിന്റെ അലൗകിക സൗന്ദര്യമുള്ള നാടാണ് ഇതു്. ഇവിടെ അറബി യുവതികൾ കിന്നര കന്യകകൾ പോലെ നടക്കുന്നു. കിന്നരന്മാരെപ്പോലെ അറബിയുവാക്കന്മാർ മെല്ലെ നീങ്ങുന്നു. അതിസൗന്ദര്യമില്ലാത്ത ഒരു യുവതിയെയും യുവാവിനെയും ഞാൻ അവിടെ കണ്ടില്ല. അവരോടു സംസാരിക്കൂ. എന്തൊരു വിനയം! എന്തൊരു സുജനമര്യാദ! മതപരങ്ങളായ വിശ്വാസങ്ങളിലേക്ക് ചെല്ലാൻ അന്യമതക്കാരോട് പാരുഷ്യത്തോടെ വേണം പെരുമാറാൻ എന്ന് അവിടത്തെ ഒരു പുരുഷനും ഒരു സ്ത്രീയും വിശ്വസിക്കുന്നില്ല. ഈ സ്വാതന്ത്ര്യ സ്വർഗ്ഗത്തിലേക്ക് എന്നെ നയിച്ചതു് അവിടത്തെ കേരളീയ സമാജത്തിന്റെ പ്രസിഡന്റ് ശ്രീ. വി. പി. മാത്യുവാണ്. ഒരു കമ്പനിയിലെ സമുന്നതനായ ഉദ്യോഗസ്ഥനാണ് അദ്ദേഹം. കൊച്ചുകുട്ടിയെപ്പോലെ നിഷ്കളങ്കൻ. അതേ സമയം ബുദ്ധിശാലി. ആറായിരത്തിലധികം അംഗങ്ങളുള്ള ഒരു സമാജത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വേളയിൽ സമ്മേളനത്തിൽ സാഹിത്യത്തെക്കുറിച്ച് മൂന്നു ദിവസം പ്രസംഗിക്കാൻ എന്നെയാണ് അവർ സൗജന്യപൂർവം തിരഞ്ഞെടുത്തതു്. ക്ഷണിച്ച അതിഥിയെ മാനിക്കാൻ തൽപരത്വമേറിയ ശ്രോതാക്കൾ ആവശ്യകതയ്ക്ക് അതീതമായി ദീർഘമായി പ്രസംഗിച്ച എന്നെ, ഔചിത്യസീമ ലംഘിച്ച എന്നെ സഹിച്ചതു് അവരുടെ ഉന്നതമായ സംസ്കാരത്താലാണ്. എന്നോട് ചോദ്യങ്ങൾ ചോദിച്ച് ശ്രീ. സുരേഷ് കുമാർ ആ ചോദ്യങ്ങൾ കൊണ്ട് തന്റെ ധിഷണാപരമായ കഴിവ് പ്രദർശിപ്പിച്ചു. ശ്രീ. പി. കെ. ശ്രീജേഷ് മനുഷ്യന് നന്മയുടെ പരകോടിയിലേക്ക് ഉയരാൻ കഴിയുമെന്ന് തെളിയിച്ചു. ശ്രീ. രാമദാസ് പി. ചിറയിലും ശ്രീ. എൻ. ഡി. ഇനാസുവും ശ്രീ. ജേക്കബ് സാമുവലും ശ്രീ. കെ. വി. മുരളി മോഹനനും ഞാൻ താമസിച്ച മിഡിൽ ഈസ്ററ് ഹോട്ടലിലെ ഗ്രേസിയും ഈശ്വരനെ സംബന്ധിച്ച ഒരേ ഒരു വാക്ക് സ്നേഹമാണെന്ന് എന്നെ ഗ്രഹിപ്പിച്ചു. അവിടത്തെ പ്രമുഖമായ ഇംഗ്ലീഷ് ദിനപത്രം Bahrain Tribune-ന്റെ സിറ്റി എഡിറ്ററായ ശ്രീ. മാത്യു (മലയാള മനോരമയിൽ ദീർഘകാലം പ്രവർത്തിച്ച ആളാണ് അദ്ദേഹം) യശസ്സിന്റെ രാജരഥ്യയിലൂടെ തലയുയർത്തി നടക്കുന്ന വ്യക്തിയാണ് ഞാനെന്ന നിലയിൽ സൗജന്യ മാധുര്യത്തോടെ എന്റെ ബുദ്ധിശൂന്യങ്ങളായ വാക്കുകൾ വലിയ അക്ഷരങ്ങളിൽ അച്ചടിച്ചു. സമ്മേളനത്തിൽ പങ്കുകൊള്ളാൻ വന്ന സ്ത്രീകളും ബുദ്ധിശാലിനികളാണെന്ന് അവർ ചോദിച്ച ചോദ്യങ്ങൾ സ്പഷ്ടമാക്കിത്തന്നു എനിക്ക്. തിരുവനന്തപുരത്തെ ജീവിതം ഗദ്യാത്മകമാണ്. ആ ദ്വീപിലെ ജീവിതം കവിതാമയമാണ്. എഞ്ചിനീയറിങ് വൈദഗ്ദ്ധ്യത്തിന്റെ പരകോടി കാണണമെങ്കിൽ ആ ദ്വീപിനെയും സൗദി അറേബ്യയെയും കൂട്ടിയിണക്കുന്ന 25 കിലോമീറ്റർ ദൂരമുള്ള Causeway കാണണം. പാലത്തിനടുത്തുള്ള ഒരു ഗോപുരത്തിന്റെ അഗ്രഭാഗത്തേക്ക് ഞാൻ ശ്രീജേഷിന്റെ സഹായത്തോടെ കയറി. സൂര്യപ്രകാശത്തിന്റെ പ്രവാഹത്തിൽ സൗദി അറേബ്യ തിളങ്ങുന്നതു് ഞാൻ കണ്ടു. തിരിച്ച് പോരുമ്പോൾ റോഡരുകിൽ നിന്ന ചില യുവാക്കന്മാർ അവർക്ക് ഒട്ടും പരിചയമില്ലാത്ത എന്നെ നോക്കി ചിരിച്ച് ആദരപൂർവം കൈവീശി. ഇവരെപ്പോലെ നമ്മൾക്കും പെരുമാറാൻ കഴിഞ്ഞിരുന്നെങ്കിൽ!


കൂടിക്കലർന്ന ശബ്ദത്തെക്കാൾ ഭേദം പ്രഭാഷകന്റെ ശബ്ദം കേൾപ്പിക്കാതെയുള്ള വാപൊളിക്കലാണ്. ചുണ്ടുകളുടേയും മുഖത്തെ മാംസപേശികളുടെയും വക്രീകരണമെങ്കിലും നോക്കിക്കൊണ്ടിരിക്കാമല്ലൊ.

പലസ്തീനിലെ ഒരു ഭക്ഷണശാലയിലിരുന്ന് എന്റെ സുഹൃത്ത് ശ്രീ. മാത്യു ജോസ് ചാലിൽ (ബഹ്റീനിന്റെ തലസ്ഥാനമായ മനാമയിൽ പ്രിന്റിങ് ആൻഡ് പബ്ലിഷിങ് ഹൗസ് നടത്തുന്ന മാന്യൻ) കൂട്ടുകാരുമൊരുമിച്ച് ഭക്ഷണം കഴിക്കുകയായിരുന്നു. ഹോട്ടലിന്റെ മാനേജർ അവരുടെ അടുത്തെത്തി ചോദിച്ചു. ‘Are you Indians?’ ‘Yes’ എന്ന് അവരുടെ ഉത്തരം. അദ്ദേഹം വെയ്റ്റർമാരെ വിളിച്ച എല്ലാം നിർലോഭം വിളമ്പാൻ ആജ്ഞാപിച്ചു. ഭക്ഷണമൊക്കെക്കഴിഞ്ഞു് ഭീമമായ തുകയ്ക്കുള്ള ബിൽ കിട്ടി. അതു കൊടുക്കാൻ ഭാവിച്ച മാത്യുവിനോട് മാനേജർ പറഞ്ഞു: ‘No’. കാര്യമെന്തു് എന്ന് അദ്ദേഹം അന്വേഷിച്ചപ്പോൾ മാനേജർ പറഞ്ഞു: “Your Prime Minister Indira Gandhi is our sister”. എത്ര നിർബന്ധിച്ചിട്ടും മാനേജർ പണം സ്വീകരിച്ചില്ല. ആ പലസ്തീൻ മുസ്ലിമിന്റെ സ്നേഹപ്രകാശത്തിന്റെ ഇളം ചുവപ്പ് ഇതെഴുതുന്ന സമയത്തു് എന്റെ വെണ്മയാർന്ന കടലാസിൽ വീഴുന്നു. ഞാൻ തെല്ലുനേരം അതുകണ്ടുകൊണ്ടിരിക്കട്ടെ, പ്രിയ വായനക്കാരേ.


ഐ. കെ. ഗുജ്റാൾ

ടെലിവിഷൻ കാണുക എന്നതിലെ ദുരനുഭവം വി. ഐ. പി. കൾ പ്രസംഗിക്കുന്നതു് കാണുക എന്നതുതന്നെയാണ്. പ്രസംഗിക്കുന്നതു് കേൾക്കുകയല്ല, കാണുകതന്നെയാണ് നമ്മൾ. ശ്രീ. ഐ. കെ. ഗുജ്റാളിന്റെ ചുണ്ടുകൾ വളരെ വേഗത്തിൽ ചലനം കൊള്ളുന്നുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ ശബ്ദം നമ്മൾ കേൾക്കുന്നില്ല. കേൾക്കുന്നതു് വാർത്തവായിക്കുന്ന ആളിന്റെ ശബ്ദം മാത്രമാണ്. പ്രധാനമന്ത്രിക്ക് പ്രാധാന്യം നമ്മൾ കല്പിക്കുന്നതുകൊണ്ട് വാർത്ത വായിക്കുന്ന ആളിന്റെ ശബ്ദം ശ്രദ്ധിക്കാതെ നമ്മൾ അദ്ദേഹത്തിന്റെ വായിൽനിന്ന് ശബ്ദം വരുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടിരിക്കുന്നു. ഇല്ല. ഒന്നുമില്ല. ചുണ്ടുകൾ അനങ്ങുന്നതേയുള്ളൂ. അങ്ങനെയിരിക്കെ ചുണ്ടുകളിൽ നിന്ന് ശബ്ദം കേട്ടുതുടങ്ങുന്നു. ഒപ്പം വാർത്തകൾ വായിക്കുന്ന ആളിന്റെ ശബ്ദവും. രണ്ടും കൂടിക്കലരുന്നു. ഒന്നും മനസ്സിലാകുന്നുമില്ല.

കൂടിക്കലർന്ന ശബ്ദത്തെക്കാൾ ഭേദം പ്രഭാഷകന്റെ ശബ്ദം കേൾപ്പിക്കാതെയുള്ള വാപൊളിക്കലാണ്. ചുണ്ടുകളുടേയും മുഖത്തെ മാംസപേശികളുടെയും വക്രീകരണമെങ്കിലും നോക്കിക്കൊണ്ടിരിക്കാമല്ലൊ. വാർത്തകൾ വായിക്കുന്ന ആൾ മിണ്ടാതിരിക്കുകയും പ്രസംഗിക്കുന്ന ആളിന്റെ ശബ്ദം കേൾക്കുകയും ചെയ്യുമ്പോൾ നമ്മൾ മനസ്സിലെങ്കിലും വിധികർത്താക്കളായി മാറും. അപ്പോൾ സംഭവിക്കുന്ന മാനസികപ്രക്രിയ നമുക്ക് ഒരുതരത്തിലുള്ള ആഹ്ലാദം നൽകും. പ്രഭാഷകന്റെ ശബ്ദം കേൾക്കുന്നതുപോലുള്ള പ്രക്രിയയാണ് നല്ല ചെറുകഥകൾ വായിക്കുമ്പോൾ ഉണ്ടാവുക.


ഒക്താവ്യോ പാസ്സ്


ഒക്താവ്യോ പാസ്സിന്റെ My Life with the Wave എന്ന ചെറുകഥ നമുക്കുനോക്കാം. കഥ പറയുന്ന ആളിനെ സൗകര്യത്തിനുവേണ്ടി പാസ്സ് എന്നുതന്നെ വിളിക്കട്ടെ. അദ്ദേഹം കടലിൽനിന്ന് പോരുമ്പോൾ മറ്റുതിരകളെ പിൻതള്ളി ഒരു തിരമാത്രം അദ്ദേഹത്തിന്റെ കൈ പിടിച്ചുകൊണ്ട് മുന്നോട്ടുചാടി. അവൾ (തിര) പൊക്കമുള്ളവൾ. കനം കുറഞ്ഞവൾ. പട്ടണജീവിതം പ്രയാസങ്ങൾ നിറഞ്ഞതാണെന്ന് പാസ്സ് അവളോട് പറഞ്ഞു. പക്ഷേ അവൾ ഉച്ചത്തിൽ നിലവിളിച്ചു. പാസ്സിനെ കെട്ടിപ്പിടിച്ചു. ഭീഷണിപ്പെടുത്തി. അദ്ദേഹം തീവണ്ടിയിൽ കയറി വെള്ളം നിറച്ചുവച്ചിരുന്ന ടാങ്ക് ശൂന്യമാക്കി അവളെ അതിലേക്ക് ഒഴിച്ചു. ഒരു സ്ത്രീ ടാപ് തുറന്ന് കപ്പിൽ വെള്ളമൊഴിച്ച് കുടിച്ചപ്പോൾ ഉപ്പിന്റെ ചുവ. യാത്രക്കാരുടെ കുടിവെള്ളത്തിൽ വിഷം കലർത്തിയെന്ന് പറഞ്ഞു പോലീസ് അദ്ദേഹത്തെ കാരാഗൃഹത്തിലേക്ക് കൊണ്ടുപോയി. ഒരു വർഷം കഴിഞ്ഞു് പാസ്സ് വീട്ടിലെത്തിയപ്പോൾ തിര അദ്ദേഹത്തിന്റെ വീട്ടിൽ പാർക്കുന്നതാണ് കണ്ടതു്. എന്തു് സംഭവിച്ചു എന്ന പാസ്സിന്റെ ചോദ്യത്തിന് അവൾ മറുപടി പറഞ്ഞു: ‘ഉപ്പുവെള്ളമാണ് ഞാനെന്നുകണ്ട് ആരോ എന്നെ എഞ്ചിനിലേക്ക് ഒഴിച്ചു. ഞാൻ ആവിയായി രക്ഷപ്പെട്ടു.’ അവൾ പാസ്സിന്റെ ഭവനത്തിലെ ഇരുണ്ട ഇടനാഴികളെ സൂര്യനെക്കൊണ്ട് നിറച്ചു.

പിന്നീടാണ് പ്രണയകേളികൾ. പാസ്സ് അവളെ ആലിംഗനം ചെയ്താൽ അവൾ അഭിമാനം കൊണ്ട് വീർക്കും. അനന്തമായ ചക്രവാളം പോലെ അവൾ അദ്ദേഹത്തിന്റെ മുൻപിൽ നീണ്ടുനിവർന്നു കിടക്കും. അപ്പോൾ പാസ്സും ചക്രവാളം പോലെയാകും. പക്ഷേ അവൾക്ക് കേന്ദ്രസ്ഥാനമില്ലായിരുന്നു. അവിടമാകെ ശൂന്യം. ചക്രവാളത്തിന്റെ കേന്ദ്രം ശൂന്യമാണല്ലോ. ആ ചക്രവാളം ആളുകളെ ശൂന്യമായ സ്ഥലത്തേക്ക് വലിച്ചെടുക്കുന്നതുപോലെ അവൾ അദ്ദേഹത്തെയും വലിച്ചെടുത്തു. ലൈംഗികവേഴ്ചകൾ മൃഗീയങ്ങളായി. അവളുടെ നിലവിളികൾ അയൽക്കാരെ നിദ്രയിൽ നിന്നുണർത്തി. അവളുടെ ശബ്ദം കേട്ട് കടൽക്കാറ്റ് ഭവനത്തിന്റെ വാതിലിൽ മാന്തും. വീട്ടിന്റെ മേൽക്കൂരയിൽ നിർഘോഷമുണ്ടാകും. അവൾ ഉപ്പും. കരയും. ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവയുടെ സ്വാധീനതയാൽ അവളുടെ വൈകാരികാവസ്ഥകൾക്ക് മാറ്റം വന്നുകൊണ്ടിരുന്നു. പാസ്സ് അവളെ പേടിക്കുകയും വെറുക്കുകയും ചെയ്തു.

മഞ്ഞുകാലം വന്നു. അവളോടൊരുമിച്ച് ഉറങ്ങാൻ വയ്യ. വല്ലാത്ത തണുപ്പ്. ഒരിക്കൽ അദ്ദേഹം മലമുകളിലേക്ക് പോയിട്ട് തിരിച്ചുവന്നപ്പോൾ അവൾ മഞ്ഞുപ്രതിമയായി നിൽക്കുന്നതുകണ്ടു. അദ്ദേഹം അവളെ ചാക്കിനകത്താക്കിക്കൊണ്ടുപോയി ഒരു ഭക്ഷണശാലയുടെ ഉടമസ്ഥന് വിറ്റു. അയാൾ അവളെ കൊച്ചുകഷണങ്ങളാക്കി പൊട്ടിച്ച് ബക്കറ്റുകളിലാക്കി. അവയിലാണ് മദ്യം തണുപ്പിക്കുക.

ഒരുജ്ജ്വല പ്രതിഭാശാലിയുടെ കഥയാണിതു്. സ്ത്രീയുടെ ആക്രമണോത്സുകത, അവളുടെ ക്രൂരത, പുരുഷന്റെ ദൗർബ്ബല്യം, അവന്റെ നിസ്സഹായാവസ്ഥ ഇവയൊക്കെ ഇതിൽ വ്യഞ്ജിക്കുന്നു. ഏതു് ദൂർബലനും സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടി നൃശംസതയാർജ്ജിക്കുമെന്ന് ഈ രചന വ്യക്തമാക്കുന്നു. കഥ വായിക്കുമ്പോൾ നമ്മൾ അത്ഭുതപ്പെടുന്നു. പ്രകമ്പനം കൊള്ളുന്നു. ചിന്താമണ്ഡലത്തിൽ അനവരതം സഞ്ചരിക്കുന്നു. നോബൽസ്സമ്മാനം നേടിയ ഒരു ‘മാസ്റ്ററെ’ ഞാൻ എന്റെ സുഹൃത്തായ ശ്രീ. പി. എൻ. വിജയനോട് താരതമ്യപ്പെടുത്തുകയല്ല. ഉത്കൃഷ്ടമായ സാഹിത്യമേതെന്ന് വ്യക്തമാക്കാനേ എനിക്ക് ഉദ്ദേശമുള്ളൂ. വിജയൻ മാതൃഭൂമിയിൽ (ആഴ്ചപ്പതിപ്പ്) എഴുതിയ ‘സ്വപ്നം കണ്ടുകൊണ്ട് ഒരു മുത്തശ്ശിപ്രതിമ’ എന്ന കഥയിൽ പേരക്കുട്ടിക്ക് സന്താനമുണ്ടാകുന്നതുവരെ ജീവിച്ച ഒരു പടുകിഴവിയുടെ ‘ട്രാജഡി’യാണ് ആവിഷ്കരിക്കുന്നതു്. തെറ്റിപ്പോയി. ആവിഷ്കരിക്കാൻ ശ്രമിക്കുന്നതു്. വൃദ്ധയ്ക്കു് ഓർമ്മയില്ല. വീട്ടിലുള്ള രണ്ടുപേർ ആ സ്ത്രീയെ നിന്ദിക്കുന്നു. ഭർത്സിക്കുന്നു. സ്തുതിച്ചാലും അപമാനിച്ചാലും അവർക്ക് ഒന്നുമില്ല. കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത വൃദ്ധയ്ക്കു് അപമാനമില്ല. സ്നേഹത്തിനും അവരെസ്സംബന്ധിച്ച് അർത്ഥമില്ല. പക്ഷേ കഥ വായിച്ചുതീരുമ്പോൾ അതിന്റെ കേന്ദ്രസ്ഥാനം പൊള്ളയാണെന്ന് നമ്മൾ മനസ്സിലാക്കുന്നു. ശൂന്യതയാണ് ഇതിന്റെ മുദ്ര. ചിത്തവൃത്തികളെ ചലനം കൊള്ളിക്കാൻ അസമർത്ഥമായ വാക്യ സമാഹാരം മാത്രമാണ് ഈ രചന. ടെലിവിഷനിലെ വി. ഐ. പി ചുണ്ടുകൾ അനക്കുമ്പോൾ ശബ്ദവും കൂടി നമുക്ക് കേൾക്കണം. എങ്കിലേ മനസ്സും ഹൃദയവും പ്രവർത്തിക്കൂ. ശബ്ദം കേൾപ്പിക്കാതെ ചുണ്ടുകൾ വക്രിപ്പിക്കുന്ന വ്യക്തിയെപ്പോലെയാണ് ഇക്കഥ. കലയുടെ അടുത്തെത്താൻ കോടിക്കണക്കിന് നാഴിക സഞ്ചരിക്കണം.

## ഷൊർഷ് പെരക്



രൂപശില്പത്തിന്റെ ഭദ്രതയിൽ ഷൊർഷ് പെരക് (Geroges Perec 1936–1982) എന്ന ഫ്രഞ്ചെഴുത്തുകാരനെ സമീപിക്കാൻ ഈ ശതാബ്ദത്തിൽ വേറൊരു സാഹിത്യകാരനില്ല എന്നാണ് അഭിജ്ഞമതം. അദ്ദേഹത്തിന്റെ Life: A User’s Manual എന്ന നോവൽ വായിച്ച് ഞാൻ അത്ഭുതാധീനനാവുകയും അതിനെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതുകയും ചെയ്തു. രണ്ടാഴ്ച കഴിഞ്ഞു. ഞാൻ തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റിന്റെ മുൻപിലുള്ള ഫുട്പാത്തിലൂടെ നടക്കുകയായിരുന്നു. ഒരു സായ്പ് എന്റെ ലേഖനമുള്ള ആഴ്ചപ്പതിപ്പ് ഉയർത്തിപ്പിടിച്ച് കൊണ്ട് ഓടി അടുത്തെത്തി ആവേശത്തോടെ ചോദിച്ചു.: ‘നിങ്ങളാണോ ഈ ലേഖനമെഴുതിയതു്? എന്റെ ചങ്ങാതിയായിരുന്നു പെരക്. നിങ്ങൾ അദ്ദേഹത്തിന്റെ നോവലിനെക്കുറിച്ച് എഴുതിയിരിക്കുന്നു. എനിക്കെന്തു് സന്തോഷം!’ തൊണ്ട വിറയൽ കൊണ്ട് സായ്പിന് മുഴുവനും പറയാൻ സാധിച്ചില്ല. പെരക് ഇത്രവേഗത്തിൽ മരിച്ചതെങ്ങനെയെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഇടവിടാതെയുള്ള സിഗററ് വലികൊണ്ട് അദ്ദേഹത്തിന് കാൻസർ വന്നുവെന്നും അതു് മാരകമായിത്തീർന്നുവെന്നും അദ്ദേഹം—ഷാക് ഷ്വെ—എന്നെ അറിയിച്ചു. ഞങ്ങൾ ‘കലവറ’ എന്ന കാപ്പിക്കടയിൽ കയറി കാപ്പി കുടിച്ചിട്ട് പിരിഞ്ഞു. പാരീസിൽ ചെന്നാലുടൻ Oulipo—A Prime of Potential Literature എന്ന പുസ്തകം അയച്ചു തരാമെന്നു പറയുകയും ചെയ്തു ഷ്വെ. രണ്ടാഴ്ച കഴിഞ്ഞപ്പോൾ പെരക് ഉൾപ്പെട്ട സംഘടനയുടെ പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന പുസ്തകം എനിക്ക് കിട്ടി. അതിൽ ആ പ്രസ്ഥാനക്കാരുടെ സാഹിത്യപരങ്ങളായ രചനകളുമുണ്ട്. പെരക്കിന്റെ സുഹൃത്തായ മാന്യൻ തന്ന ആ ഗ്രന്ഥം ഞാൻ നിധിപോലെ സൂക്ഷിച്ചു വച്ചിരിക്കുന്നു. ഇപ്പോൾ ഈ പ്രതിഭാശാലിയുടെ ഏതു് കൃതി കണ്ടാലും ഞാനതു് വാങ്ങുന്നു. വായിക്കുന്നു. Life: A User’s Manual കഴിഞ്ഞാൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടതു് ആത്മകഥയുടെ മട്ടിലെഴുതിയ W, or the Memory of Childhood എന്ന ഗ്രന്ഥമാണ്. ഒന്നിടവിട്ടുള്ള അദ്ധ്യായങ്ങളിലൂടെ രണ്ട് കഥകൾ പറഞ്ഞു് പര്യവസാനത്തിൽ അവയെ കൂട്ടിയിണക്കി ഒരത്ഭുതം സൃഷ്ടിക്കുന്നു പെരക്.


ഷൊർഷ് പെരക്

1997–ൽ പ്രസാധനം ചെയ്ത Species of Spaces and Other Pieces എന്ന പെരക്കിന്റെ പ്രബന്ധ സമാഹാരഗ്രന്ഥം Books, pp. 288, Rs. 305.90).


മാർഗറീത് ദ്യൂറ

വിശ്വവിഖ്യാതയായ മാർഗറീത് ദ്യൂറ എന്ന ഫ്രഞ്ചെഴുത്തുകാരിയുടെ ആദ്യത്തെ ഭർത്താവായിരുന്ന റോബർ ആങ്തെൽമ്. അദ്ദേഹത്തെക്കുറിച്ച് പെരക് എഴുതിയ ലേഖനത്തിൽ ഇങ്ങനെ:

“Literature has lost its authority.
It searches in the world for the signs of its defeat: angst oozes out from its walls... ” സാഹിത്യത്തിന്റെ ആധിപത്യം നഷ്ടപ്പെട്ടിട്ടില്ല എന്നതിന് തെളിവാണ് പെരക്കിന്റെ എല്ലാക്കൃതികളും. അതു കൊണ്ടാണല്ലോ കേരളത്തിന്റെ ഒരു മൂലയിൽ താമസിക്കുന്ന ഒരാൾ അവയെക്കുറിച്ച് എഴുതുന്നതു്.

□

# എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിന ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിന ഒരാഴ്ച്ച മുൻപു വരെ) സാഹിത്യ വാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിന ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിന ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർകേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആഥിത്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൗസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യകാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014